**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗൃഹശ്രീ പദ്ധതിയ്ക്കായി വകയിരുത്തിയ 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, 3.78 കോടി രൂപ ടി പദ്ധതിക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭവന നിർമ്മാണ ബോർഡിന്റെ ആശ്വാസ് വാടക വീട് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വേണ്ടി മിതമായ വാടക നിരക്കിൽ മെഡിക്കൽ കോളേജുകൾക്കു സമീപം നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന 6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.80 കോടി രൂപ റിലീസ് ചെയ്തു നൽകിയിട്ടുമുണ്ട്. |
| (സി) | ഭവന നിർമ്മാണ ബോർഡിന്റെ ദുർബല - താഴ്ന്ന വരുമാനക്കാർക്കായുള്ള ഭവന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ? | (സി) | ഭവന നിർമ്മാണ ബോർഡിന്റെ ദുർബ്ബല-താഴ്ന്ന വരുമാനക്കാർക്കായുള്ള ഭവന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും ടി പദ്ധതിയ്ക്ക് 6 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ